**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്കിരയായവർക്കും കൃഷി നാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും 08.01.2015-ലെ സ.ഉ (കൈ)നമ്പർ 02/2015/വനം, 05.04.2018-ലെ സ.ഉ (കൈ)നമ്പർ 17/2018/വനം എന്നീ സർക്കാർ ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. **എന്നാൽ നഷ്ടപരിഹാരത്തിന് നൽകാവുന്ന തുക വർദ്ധിപ്പിക്കുന്നതിനായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ നഷ്ടപരിഹാരത്തിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കുവാനുണ്ട്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | നഷ്ടപരിഹാരത്തിനായി നിലവിൽ ലഭിച്ച അപേക്ഷകളുടെയും തീർപ്പാക്കാനുള്ള അപേക്ഷകളുടെയും വിവരം സർക്കിൾ അടിസ്ഥാനത്തിലുള്ളത് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | നഷ്ടപരിഹാരം നൽകുന്നതിന് എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നഷ്ടപരിഹാരം നൽകുന്നതിനായി ആവശ്യമായ തുകയുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

| സർക്കിൾ | ലഭിച്ച അപേക്ഷകൾ | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 2062 | 785 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 1488 | 322 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 1984 | 777 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 3841 | 1301 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | **8419** | **3631** |
| വൈൽഡ്ലൈഫ് സർക്കിൾ, കോട്ടയം | 82 | 2 |
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 1334 | 398 |
| എ.ബി.പി സർക്കിൾ, തിരുവനന്തപുരം. | 23 | 1 |
| ആകെ | 19233 | 7217 |

**അനുബന്ധം -2**

| നഷ്ടപരിഹാരം നൽകുന്നതിനായി ആവശ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. | |
|---|---|
| **സർക്കിൾ** | **ആവശ്യമായ തുക (രൂപ ലക്ഷത്തിൽ)** |
| സതേൺ സർക്കിൾ, കൊല്ലം | 68.99 |
| ഹൈറേഞ്ച് സർക്കിൾ,കോട്ടയം | 100.02 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 131.00 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 376.67 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | **496.30** |
| വൈൽഡ്ലൈഫ് സർക്കിൾ, കോട്ടയം | 10.55 |
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 42.70 |
| എ.ബി.പി സർക്കിൾ, തിരുവനന്തപുരം. | 10.00 |
| **ആകെ** | **1236.23** |